കേരള സർക്കാർ

സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം - സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി - ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അധികാരം സാംസ്കാരിക ഡയറക്ടർക്ക് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവി ക്കുന്നു.

---

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(കൈയെഴുത്ത്) നം: 38/2007/സിഎഡി        തീയതി, തിരുവനന്തപുരം, 21/3/2007

---

പരാമർശം:- 1) 24/4/2000 ലെ ജി.ഒ.(എം.എസ്)നം. 14/2000/സിഎഡി നമ്പർ സർക്കാർ ഉത്തരവ്
2) ജി.ഒ.പി) നം.77/05/സിഎഡി തീയതി 25/8/05

ഉത്തരവ്

പരാമർശം ഒന്ന് പ്രകാരം സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള അധികാരിയും ബന്ധപ്പെട്ട ശീർഷകത്തിന്റെ ചീഫ് കൺട്രോളിംഗ് ആഫീസറും സാംസ്കാരികകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറിയാണ്.

സാംസ്ക്കാരിക വകുപ്പിന് ഒരു ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിന മുമ്പാണ് ഇത്തരത്തിൽ ഒരു ക്രമീകരണം ഏർപ്പെടുത്തിയിട്ടുള്ളത്. അതിൻ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന ചുമതല കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഫിനാൻസ് ഓഫീസർ (പെൻഷൻ നോഡൽ ഓഫീസർ) ആണ് നിർവ്വഹിച്ചുപോരുന്നത്. പരാമർശം 2 പ്രകാരം സാംസ്ക്കാരിക വകുപ്പ് ഡയറക്ടറേറ്റ് രൂപീകൃതമാവുകയും തുടർന്ന് ധനകാര്യ വകുപ്പിൽ നിന്നും ഫിനാൻസ് ഓഫീസർ ചാർജ്ജെടുക്കുകയും ചെയ്ത സാഹചര്യം കണക്കിലെടുത്ത് സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ട ചുമതലയും ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും ആവശ്യാനുസരണം ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തുക പിൻവലിക്കാനുള്ള അധികാരവും സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജി.മോഹനകുമാരൻ നായർ,
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്
ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
ഡയറക്ടർ, സംസ്ഥാന സർവ്വവിജ്ഞാനകോശം ഇൻസ്റ്റിറ്റ്യൂട്ട്
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ.
സെക്രട്ടറി, കേരള സാഹിത്യ അക്കാദമി
സെക്രട്ടറി, കേരള ലളിതകലാ അക്കാദമി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (Vide U.O.No.78935/Edu.C3/06/Fin dated 24/11/06)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:- സാംസ്കാരിക വകുപ്പുമന്ത്രിയുടെ പി.എസിന്
സാംസ്കാരിക കാര്യ വകുപ്പു സെക്രട്ടറിയുടെ സി.എ.
സാംസ്കാരിക വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.
സാംസ്കാരിക വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.